**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1241** **07-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. DPR പൂർത്തിയായതിനുശേഷമേ പദ്ധതിയുടെ അന്തിമ അലൈൻമെന്റ് ലഭ്യമാകുകയുള്ളൂ. |
| (ബി) | നിലവിൽ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ബ്ലോക്കുകളിൽ ആണ് മാറ്റം വരുത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. DPR പൂർത്തിയായതിനുശേഷമേ പദ്ധതിയുടെ അന്തിമ അലൈൻമെന്റ് ലഭ്യമാകുകയുള്ളൂ. |
| (സി) | പ്രസ്തുത ഔട്ടർ റിംഗ് റോഡ് കണ്ടെയിനർ ഗതാഗതത്തിനു വേണ്ടി മാത്രമുള്ളതാണോ എന്നും മറ്റു വാഹനങ്ങൾക്ക് യാത്ര അനുമതി ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ; | (സി) | ഔട്ടർ റിംഗ് റോഡിലൂടെ എല്ലാ വാഹനങ്ങൾക്കും യാത്രാനുമതി ഉണ്ടായിരിക്കും എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഇപ്പോൾ തീരുമാനിച്ചിരിക്കുന്ന 45 മീറ്റർ കണ്ടെയ്നർ റോഡിനു പുറമേ അപ്രോച്ച് റോഡിനു വേണ്ടി സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇരുവശത്തും എത്ര മീറ്റർ വീതമാണ് ഏറ്റെടുക്കുക എന്ന് വ്യക്തമാക്കുമോ ; | (ഡി) | 45 മീറ്റർ വീതിയിൽ മെയിൻ ക്യാരേജ് വേയും (MCW), സർവീസ് റോഡുകളും അടങ്ങുന്നതാണ് ദേശീയപാത അതോറിറ്റി തയ്യാറാക്കുന്ന ഡി.പി.ആർ പ്രകാരമുള്ള അലൈൻമെന്റ്. 29.11.2022-ലെ യോഗത്തിൽ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ച പ്രകാരം ഔട്ടർ റിംഗ് റോഡിന് 25 മീറ്റർ വീതിയിൽ സർവീസ് റോഡുകൾ നിർമ്മിക്കേണ്ടതുണ്ടോ എന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഇ) | ഏത് ഏജൻസി മുഖേനയാണ് റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച സർവ്വേ നടത്തിയത്; റിംഗ് റോഡ് നിർമ്മാണത്തിന്റെ കൺസൾട്ടൻസിയായി തീരുമാനിച്ചിട്ടുള്ളത് ഏത് ഏജൻസിയെയാണ്; വിശദാംശം നൽകുമോ? | (ഇ) | ക്യാപിറ്റൽ റീജിയൺ ഡെവലപ്പ്മെന്റ് പ്രോജക്ട് KITCO മുഖേനയാണ് ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച സർവേ നടത്തിയത്. പദ്ധതി ദേശീയപാത അതോറിറ്റിയ്ക്ക് കൈമാറിയതിനെതുടർന്ന് അതോറിറ്റി M/S Highway Engineering നെ ഡി.പി.ആർ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ